പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 5711 — 02-7-2014-ൽ മറുപടിക്ക്

## മീനാട് ശുദ്ധജലവിതരണ പദ്ധതി.

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ജി.എസ്. ജയലാൽ | ശ്രീ. പി.ജെ. ജോസഫ് (ജലവിഭവ വകുപ്പ് മന്ത്രി) |
| (എ) മീനാട് ശുദ്ധജലവിതരണ പദ്ധതിയിൽനിന്ന് കുടിവെള്ളം ലഭിക്കുന്നതിലേക്കായി നാളിതുവരെ എത്ര അപേക്ഷകളാണ് ലഭിച്ചിട്ടുള്ളതെന്നും പ്രസ്തുത അപേക്ഷകൾ പ്രകാരം എത്ര പേർക്ക് കണക്ഷൻ ലഭ്യമാക്കിയെന്നും അറിയിക്കുമോ; | (എ) മീനാട് ശുദ്ധജലവിതരണ പദ്ധതിയിൽ കുടിവെള്ളം ലഭിക്കുന്നതിലേക്കായി നാളിതുവരെ 9421 അപേക്ഷകളാണ് ലഭിച്ചിട്ടുള്ളത്. ഇതിൽ 2910 പേർക്ക് കണക്ഷൻ നൽകിയിട്ടുണ്ട്. |
| (ബി) ഏതൊക്കെ ഗ്രാമപഞ്ചായത്തുകളിൽ ഏതൊക്കെ വാർഡുകളിലാണ് കണക്ഷൻ നൽകുന്നത്; പ്രസ്തുത വിവരം പൊതുജനങ്ങളെ അറിയിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ ഗുണഭോക്താക്കളെ അറിയിക്കുവാൻ എന്ത് നടപടിയാണ് സ്വീകരിക്കുന്നതെന്ന് വ്യക്തമാക്കുമോ; | (ബി) ചാത്തന്നൂർ, ചിറക്കര, കരവാളൂർ, ഇടമുളയ്ക്കൽ, പൂയപ്പള്ളി എന്നീ ഗ്രാമപഞ്ചായത്തുകളിലാണ് കണക്ഷൻ നൽകിയിട്ടുള്ളത്. ചാത്തന്നൂരിൽ എല്ലാ വാർഡുകളിലും കരവാളൂരിൽ 3, 4, 5 വാർഡുകളിലും ചിറക്കര 4,5, 6, 9, 10,13, 16 വാർഡുകളിലും ഇടമുളയ്ക്കലിൽ 5, 6, 7, 10, 11, 12, 15, 16, 17, 19 വാർഡുകളിലും പൂയപ്പള്ളിയിൽ 1, 3, 4, 5,6,7, 8, 9, 11, 16 വാർഡുകളിലുമാണ് കണക്ഷൻ നൽകിയിട്ടുള്ളത്. പൈപ്പ് ലൈനുകൾ ചാർജ്ജ് ചെയ്യുന്ന മുറയ്ക്ക് കണക്ഷൻ നൽകുന്ന വിവരം അതാത് പ്രദേശത്തെ ജനങ്ങളെ അറിയിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |
| (സി) കണക്ഷൻ നൽകുന്നതിന് ഏത് ഉദ്യോഗസ്ഥനെയാണ് ചുമതലപ്പെടുത്തിയിട്ടുള്ളതെന്ന തറിയിക്കുമോ: | (സി) കണക്ഷൻ നൽകുന്നതിന് അതാത് പി.എച്ച് സബ് ഡിവിഷനുകളിലെ അസിസ്റ്റന്റ് എഞ്ചിനീയർമാരെയാണ് |

ചുമതലപ്പെടുത്തിയിരിക്കുന്നത്.

(ഡി) വാട്ടർ കണക്ഷൻ ലഭിക്കുന്നതിന് ഇടനിലക്കാർ പണം ഈടാക്കുന്നുവെന്നും ആയതിന് ഒരു വിഭാഗം ഉദ്യോഗസ്ഥർ കൂട്ടുനിൽക്കുന്നുവെന്നതുമായ പത്രവാർത്തകളും പ്രസ്തുത വിഷയത്തിൽ രാഷ്ട്രീയ പാർട്ടികൾ നടത്തുന്ന സമരങ്ങളും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ പ്രസ്തുത വിഷയത്തിൽ എന്തുനടപടിയാണ് സ്വീകരിച്ചിട്ടുള്ളതെന്ന് അറിയിക്കുമോ;

(ഡി) ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ട്. വാട്ടർ കണക്ഷനു വേണ്ടി ഉപഭോക്താക്കൾ അടയ്ക്കേണ്ടതായ തുക അതു സംബന്ധിച്ച മാനദണ്ഡ പ്രകാരമെ ഈടാക്കാവു എന്ന് പ്ലംബർമാർക്കും അതുമായി ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്കും നിർ ദേശ നൽകിയിട്ടുണ്ട്.

(ഇ) വാട്ടർ കണക്ഷനുവേണ്ടി ഉപഭോക്താക്കൾ അടയ്ക്കേണ്ട തുക എത്രയെന്ന് നിശ്ചയിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം അറിയിക്കുമോ;

(ഇ)

| | | |
|---|---|---|
| 1 | അപേക്ഷാ ഫോറം | 15 രൂപ |
| 2 | കണക്ഷൻ ഫീസ് | 500 രൂപ |
| 3 | വാട്ടർ മീറ്ററിന്റെ വില | 800 രൂപ മുതൽ 1200 രൂപാ വരെ |
| 4 | മീറ്റർ ടെസ്റ്റിംഗ് ഫീസ് | 10 രൂ. |
| 5 | വാട്ടർ അതോറിറ്റിയുടെ മെയിൻ പൈപ്പ് ലൈനിൽ നിന്നും അപേക്ഷകന്റെ മീറ്റർ ചേമ്പർ വരെ പൈപ്പ് ലൈൻ(5 മീറ്റർ വരെ) സ്ഥാപിക്കാൻ വേണ്ട തുക (5 മീറ്ററിൽ കൂടുതൽ വരുന്ന ഓരോ മീറ്ററിനും 70 രൂപ നിരക്കിൽ അധികം നൽകണം) | 2000രൂപ |
| 6 | മുദ്രപത്രത്തിന്റെ വില | 100 രൂപ |
| 7 | കേരള വാട്ടർ അതോറിറ്റി ലൈസൻസ് ഉള്ള പ്ലംബറുടെ ഫീസ്,വാട്ടർ മീറ്റർ, ടാപ്പ് എന്നിവ ഘടിപ്പിക്കുന്നതിന് | 1500 രൂപ |

കൂടാതെ റോഡ് കട്ടിംഗിനു വേണ്ടി വരുകയാണെങ്കിൽ പ്രസ്തുത ചെലവും ഉപഭോക്താവ് വഹിക്കേണ്ടതാണ്.

| | | | |
|---|---|---|---|
| (എഫ്) | പ്രസ്തുത വിഷയത്തിൽ നിരന്തരമുണ്ടാകുന്ന ആക്ഷേപങ്ങൾ ഒഴിവാക്കുന്നതിനും സുതാര്യത ഉറപ്പുവരുത്തുന്നതിനുമായി പ്രദേശത്തെ പൊതുജനങ്ങളെയും ജനപ്രതിനിധികളെയും വിശദാംശങ്ങൾ ബോദ്ധ്യപ്പെടുത്തുവാൻ സ്വീകരിക്കുന്ന നടപടികൾ അറിയിക്കുമോ? | (എഫ്) | കണക്ഷനെ സംബന്ധിച്ചുള്ള വിവരങ്ങൾ എല്ലാ വാട്ടർ അതോറിറ്റി ഓഫീസുകളിലും ലഭ്യമാണ്. കൂടാതെ വിവരങ്ങൾ വാട്ടർ അതോറിറ്റി വെബ് സൈറ്റായ www.kwa.org യിൽ ലഭ്യമാണ്. കേരള വാട്ടർ അതോറിറ്റി പുറത്തിറക്കിയ പൗരാവകാശ രേഖയിലും കണക്ഷൻ ലഭിക്കുന്നതിനുള്ള വിവരങ്ങളും ഫീസുകളും രേഖപ്പെടുത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ